കേരളസർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എസ്റ്റാ - പതിനൊന്നാം പദ്ധതി മാർഗ്ഗ രേഖ- ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ജില്ലാ തല ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സഉ.(എം.എസ്) നം.148/09/തസ്വഭവ തീയതി, തിരുവനന്തപുരം 29/7/2009.

---

പരാമർശം.
1. സ.ഉ (എം.എസ്) നം.183/07/തസ്വഭവ തീയതി.24/7/2007.
2. സ.ഉ (എം.എസ്) നം.73/08/തസ്വഭവ തീയതി.13/3/2008.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/4/2009 ലെ കെ.എസ്എൽ-7384 -2008 നമ്പരിലുള്ള കത്ത്.

ഉത്തരവ്

മേൽ ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് "ബഡ്സ്" സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂളുകൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിയിരുന്നു. പല പഞ്ചായത്തുകളും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരില്ലാതെയും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെയും ബാലവാടി മാതൃകയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടി ബഡ്സ് സ്കൂളുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കു വിരുദ്ധമാണ്. നിലവിൽ ബഡ്സ് സ്കൂളുകൾക്ക് കുറഞ്ഞ നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗ രേഖയും ഇതു പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനുള്ള ജില്ലാ തല ഉപദേശക സമിതിയുടെ അഭാവവും കാരണമാണെന്ന് ചൂണ്ടിക്കാണിക്കപെടുന്നു.

മേൽപറഞ്ഞ സാഹചര്യത്തിൽ ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്നും മേൽ പരാമർശിതകത്തിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ട മാർഗ്ഗ രേഖയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളുൾപ്പെടുത്തി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർപേഴ്സൺ |
| ജില്ലാ തല കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ | - കൺവീനർ |
| ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി. ഡയറക്ടർ | - അംഗം |
| സർക്കാരിന്റെ നോമിനി (കമ്മ്യൂണിറ്റി വികസന വകുപ്പ്, മെഡിക്കൽ കോളേജ്) | -അംഗം |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | - അംഗം |
| ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | - അംഗം |
| ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | - അംഗം |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | - അംഗം |
| ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | - അംഗം |

ജില്ലാ പ്രോജക്ട് ആഫീസർ എസ്.എസ്.എ., ജില്ലാ പഞ്ചായത്തിലെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, ബഡ്സ് സ്കൂൾ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കേണ്ടതാണ്.

3. പ്രസ്തുത ഉപദേശക സമിതി പുതിയ ബഡ്സ് സ്കൂൾ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതു കൂടാതെ താഴെപറയുന്ന ചുമതലകൾ കൂടി നിർവ്വഹിക്കുന്നതാണ്.

a. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വികലാംഗർക്കായുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, വിലയിരുത്തുക, ലഭ്യമാക്കാവുന്ന സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

b. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുക.

c. വിദഗ്ദ്ധ സഹായം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

d. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്യുക.

4. അത്യാവശ്യ സന്ദർഭങ്ങളിൽ ഉപദേശക സമിതിയുടെ ചെയർമാന് വർക്കിംഗ് കമ്മിറ്റി/സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്താവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.മോഹനപ്രസാദ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ മാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.